# കേരള സർവകലാശാല

നം. പി.ആർ.003/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ബി.എ ടൈംടേബിൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2017 ജനുവരി 23-ാം തിയതി മുതൽ നടത്തുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ (2014-16 ബാച്ച്)പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാലയുടെ കീഴിലുള്ള ബോട്ടണി, കമ്യൂണിക്കേഷൻ ആൻഡ് ജേർണലിസം, മാത്തമാറ്റിക്സ് എന്നീ പഠന വകുപ്പുകളിലേക്ക് കരാറടിസ്ഥാനത്തിൽ ലെക്ചറർ നിയമത്തിന് യു.ജി.സി. നിഷ്കർഷിച്ച യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷകൾ ബയോഡാറ്റയും എല്ലാ സർട്ടിഫിക്കറ്റുകളുടെയും പകർപ്പുകളും സഹിതം ഡെപ്യൂട്ടി രജിസ്ട്രാർ, (അഡ്മിനിസ്ട്രേഷൻIII) കേരള സർവകലാശാല, പാളയം എന്ന വിലാസത്തിൽ 2017 ജനുവരി 25-നകം ലഭിക്കണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ദേശീയ സെമിനാർ

കേരള സർവകലാശാല കാര്യവട്ടം സുവോളജി പഠന വകുപ്പിൽ "കൺസർവേഷൻ ഓഫ് ഫ്രഷ് വാട്ടർ ബയോ ഡൈവേഴ്സിറ്റി" എന്ന വിഷയത്തിൽ ദേശീയ സെമിനാർ ജനുവരി 20,21 തിയതികളിൽ സംഘടിപ്പിക്കുന്നു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### സൂക്ഷ്മ പരിശോധന

കേരള സർവകലാശാല 2015 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എഡ് പരീക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് ഓൺലൈനായി അപേക്ഷിച്ചിട്ടുള്ളവർ ജനുവരി 7 മുതൽ 13 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഹാൾടിക്കറ്റുമായി പുനർമൂല്യനിർണയ വിഭാഗത്തിൽ (ഇ.ജെ III) എത്തിച്ചേരണ്ടതാണ്.

### സമ്പർക്ക ക്ലാസുകൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം മൂന്നാം വർഷ ബി.എ/ബി.എസ്.സി/ബി.കോം/ബി.ബി.എ/ എം.എസ്.സി കോഴ്സുകളുടെ സമ്പർക്ക ക്ലാസുകൾ ജനുവരി 7-8,തിയതികളിൽ താഴെ പറയുന്ന കേന്ദ്രങ്ങളിൽ പുനരാരംഭിക്കും. ബി.കോം (കമ്പ്യൂട്ടർ ആപ്ലീക്കേഷൻ) ജനുവരി 7-8 തിയതികളിൽ ആലപ്പുഴ U.I.T, കൊട്ടാരക്കര U.I.T. ബി.കോം/ബി.എ (ഹിസ്റ്ററി/സോഷ്യോളജി ഒഴികെ)ജനുവരി 8 ന് കാര്യവട്ടം ക്യാമ്പസ് .ബി.എസ്.സി/ബി.സി.എ(കമ്പ്യൂട്ടർ സയൻസ്) ജനുവരി 7, 8 തിയതികളിൽ കൊല്ലം ബി.എഡ് സെന്റർ /എസ്.ഡി.ഇ പാളയം. .ബി.എസ്.സി(കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ്)/ബി.സി.എ/ബി.ബി.എ ജനുവരി 7, 8 തിയതികളിൽ എസ്.ഡി.ഇ പാളയം.ബി.എ(ഹിസ്റ്ററി)ജനുവരി 8ന് യൂണിവേഴ്സിറ്റി യൂത്ത് ഹോസറ്റൽ. എം.എസ്.സി (കമ്പ്യൂട്ടർ സയൻസ് പ്രാക്ടിക്കൽ) ജനുവരി 8ന് എസ്.ഡി.ഇ പാളയം.

## ഗവേഷണ രീതി ശാസ്ത്രത്തിൽ ദേശീയ ശിൽപശാല

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം സോഷ്യൽ സയൻസ് വിഷയത്തിൽ ഗവേഷണ രീതി ശാസ്ത്രത്തിൽ (റിസർച്ച് മെതഡോളജി)ദേശീയ ശിൽപശാല സംഘടിപ്പിക്കുന്നു. 2017 ജനുവരി 17 മുതൽ 21 വരെ സർവകലാശാല പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ വച്ചാണ് ശിൽപശാല നടക്കുന്നത്. അപേക്ഷകൾ ജനുവരി 10 മുമ്പ് നൽകണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഗവേഷണ പ്രോജക്റ്റിൽ താൽകാലിക ഓഴിവ്

കേരള സർവകലാശാലയുടെ അക്വാട്ടിക്ക് ബയോളജി വകുപ്പിൽ കേന്ദ്ര സർക്കാറിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പോകുന്ന ഗവേഷണ പ്രോജക്റ്റിൽ റിസർച്ച് അസോസിയേറ്റിന്റെയും ഡാറ്റ പ്രോഗ്രാമ്മറുടെയും ഒഴിവുകൾ ഉണ്ട്. ഫിഷറീസ്/ടാക്സോണമി വിഷയത്തിൽ പി.എച്ച്.ഡി. ഐ. ടി. യിൽ ബിരുദാനന്ദര ബിരുദം/ കമ്പ്യൂട്ടർ പ്രോഗ്രാമിംഗ്, ഡിസൈൻ എന്നിവയിൽ പ്രവൃത്തി പരിചയവും ആണ്. യഥക്രമം യോഗ്യതകൾ. വിശദമായ ബയോഡാറ്റ സഹിതം ജനുവരി 16 നു മുമ്പ് ഡോ. എ. ബിജു കുമാർ, ഹെഡ്, അക്വാട്ടിക്ക് ബയോളജി വിഭാഗം, കാര്യവട്ടം, തിരുവനന്തപുരം 695581 എന്ന വിലാസത്തിൽ അപേക്ഷിക്കണം.

## അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാലയുടെ ഇംഗ്ലീഷ് പഠന വകുപ്പിലേക്ക് കരാറടിസ്ഥാനത്തിൽ ലക്ചറർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷകൾ ബയോഡാറ്റയും എല്ലാ സർട്ടിഫിക്കറ്റുകളുടെയും പകർപ്പുകളും സഹിതം രജിസ്ട്രാർ, കേരള സർവകലാശാല, പാളയം 695034 എന്ന വിലാസത്തിൽ 2017 ജനുവരി 27-നകം ലഭിക്കണം വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അന്താരാഷ്ട്ര സമ്മേളനം

കേരള സർവകലാശാല കാര്യവട്ടം നിയമപഠന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആഗോളവൽക്കരണത്തിന്റെ സ്വാധീനം മനുഷ്യാവകാശങ്ങളിൽ എന്ന വിഷയത്തിൽ ജനുവരി 5,6,7 തീയതികളിൽ നടക്കുന്ന അന്തരാഷ്ട്ര സമ്മേളനത്തിൽ ഹാർവാർഡ് സർവകലാശാലയിലെ ഡോ.സമുവൽ മോയിൻ മുഖ്യപ്രഭാഷണം നടത്തി. പ്രൊ.വൈസ് ചാൻസിലർ ഡോ.എൻ.വിരമണികണ്ഠൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ബാംഗ്ലൂർ നാഷ്ണൽ ലോ സ്കുൾ വൈസ്ചാൻസിലർ ഡോ.ആർ. വെങ്കിട്ടറാവു ഉദ്ഘാടനം ചെയ്തു. ജനുവരി 7 ന് നടക്കുന്ന സമാപന സമ്മേളനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ചെയർമാൻ ജസ്റ്റിസ് ടി.ആർ.രാമചന്ദ്രൻ നായർ മുഖ്യാതിഥിയായിരിക്കും. കൊച്ചി നാഷ്ണൽ യുണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ-സ്റ്റഡീസിലെ മുൻ വൈസ് ചാൻസിലർ ഡോ.എൻ.കെ.ജയകുമാർ അദ്ധ്യക്ഷത വഹിക്കും.

(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)




(അടിക്കുറിപ്പ്: കേരള സർവകലാശാല കാര്യവട്ടം നിയമപഠന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന അന്തരാഷ്ട്ര സമ്മേളനത്തിൽ ഹാർവാർഡ് സർവകലാശാലയിലെ ഡോ.സമുവൽ മോയിൻ മുഖ്യപ്രഭാഷണം നടത്തുന്നു.)

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ

05.01.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098